**A** **712**

സമഗ്ര ശിക്ഷാ, കേരളം

# പാദവാർഷിക മൂല്യനിർണയം 2019-20

## മലയാളം

## അടിസ്ഥാനപാഠാവലി

ക്ലാസ് : 7 സമയം: 2 മണിക്കൂർ

### നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് 15 മിനിറ്റ് സമാശ്വാസസമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസിലാക്കാനുള്ളതാണ്.
2. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടു മുതൽ ആറു വരെ പ്രവർത്തനങ്ങളിൽ നാലു പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.
3. ഉപചോദ്യങ്ങളുണ്ടെങ്കിൽ ചോദ്യനമ്പറിനൊപ്പം എ, ബി എന്നിങ്ങനെ എഴുതണം.

### പ്രവർത്തനം 1 - വായിക്കാം എഴുതാം

കവിത വായിച്ച് താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

**ചിത്രമനോഹരി - (ഇ. ജിനൻ)**

*ചിത്രമനോഹരി-*
*യെന്ന് നിന്നെ,*
*ചിത്രപതംഗമേ,*
*ഞാൻ വിളിക്കും*
*ഇന്നലെ നീയാരു*
*ചെമ്പരത്തി-*
*പ്പൂവിലിരുന്ന്*
*മയങ്ങിയില്ലേ....?*
*കൊച്ചു മഴത്തുള്ളി*
*വന്നു നിന്നെ,*
*മുത്തി നനച്ചത്*
*കണ്ടു ഞങ്ങൾ*
*മണ്ണിൽ തണുത്ത്*
*വിറച്ചു നിന്നെ,*
*പൊൻവെയിൽ*
*തട്ടി വിളിച്ചുണർത്തി.*
*കാറ്റു തഴുകി-*
*തലോടി നിന്നെ*
*കൂടെ വരുവാൻ*
*ക്ഷണിച്ചുപോയി*
*എന്നിട്ടുമെന്തേ, നീ*
*പൂവിതളിൽ*
*പറ്റിപ്പിടിച്ചു*
*കിടന്നുറങ്ങി?*

1. ചിത്രപതംഗത്തെ എന്തു വിളിക്കുമെന്നാണ് കവി പറയുന്നത്?

   എ) ചിത്രമനോഹരി ബി) ചെമ്പരത്തി സി) കൊച്ചു മഴത്തുള്ളി

2. കൊച്ചുമഴത്തുള്ളി ചിത്രശലഭത്തെ എന്താണ് ചെയ്തത്?

   എ) തട്ടി വിളിച്ചുണർത്തി ബി) തഴുകി തലോടി സി) മുത്തി നനച്ചു

3. ചിത്രപതംഗം എന്ന പദത്തിന് സമാനമായ പദം തിരഞ്ഞെടുക്കാമോ?

   എ) പൂവ് ബി) പൂമ്പാറ്റ സി) വണ്ട്

4. കൂടെ വരുവാൻ ക്ഷണിച്ചതാരാണ്?

   എ) കാറ്റ് ബി) ഭൂമി സി) മഴത്തുള്ളി

5. ചിത്രപതംഗത്തെ 'ചിത്രമനോഹരി' എന്നു കവി വിളിക്കാൻ കാരണമെന്താവും?

എ) ചിത്രം ഇഷ്ടമായതിനാൽ

ബി) ചിറകിൽ മനോഹരങ്ങളായ ചിത്രങ്ങളുള്ളതിനാൽ

സി) ചിത്രം വരയ്ക്കാനായതിനാൽ

## പ്രവർത്തനം 2 - വിശകലന കുറിപ്പ്

കൊച്ചനുജൻ എന്ന കവിതയിൽ പെൺകുട്ടികൾ അനുഭവിക്കുന്ന ചില സാമൂഹിക പ്രശ്നങ്ങൾ എന്തെല്ലാമെന്നു നാം വിശകലനം ചെയ്തു.

കഠിനാധ്വാനം ചെയ്തെങ്കിലും മലയപ്പുലയന്റെ വീട്ടിലെ അവസ്ഥ ദയനീയമായിരുന്നു. വരികൾ വായിക്കൂ.

*"അരുതവനെല്ലുനുറുങ്ങി യത്നിക്കിലു-*

*മരവയർക്കഞ്ഞിയവർക്കു നൽകാൻ*

*ഉടയോന്റെ മേടയി, ലുണ്ണികൾ പഞ്ചാര-*

*ച്ചുടുപാലടയുണ്ടുറങ്ങിടുമ്പോൾ,*

*അവരുടെ കൺമണിക്കുഞ്ഞുങ്ങൾ പട്ടിണി-*

*ക്കലയണമുച്ചക്കൊടും വെയിലിൽ*

*അവരുടെ തൊണ്ട നനയ്ക്കുവാനുള്ളതെ-*

*ന്നയലത്തെ മേട്ടിലെത്തോട്ടുവെള്ളം!"*

അരുത് = കഴിയില്ല

**വാഴക്കുല - ചങ്ങമ്പുഴ**

കവിത വായിച്ച് അക്കാലത്തെ സാമൂഹിക അവസ്ഥ വിശകലനം ചെയ്ത് കുറിപ്പു തയാറാക്കുക.

## പ്രവർത്തനം 3 - കഥാരചന

"പറിച്ചു നട്ടതിനു ശേഷം വെള്ളം കിട്ടാത്തതിനാൽ വാടിപ്പോയ ഒരു ചെടിയുടെ ദൈന്യമുണ്ടായിരുന്നു" എന്നാണ് അശ്വതിയെ കുറിച്ച് കഥാകൃത്ത് സൂചിപ്പിക്കുന്നത്. അവൾ രണ്ടു മിഠായിയും കുഞ്ഞിക്കൈയിൽ ഭദ്രമായി പിടിച്ചുകൊണ്ട് ഇരുളിലേക്ക് ഓടിമറഞ്ഞു.....

അവളുടെ അച്ഛൻ...... അമ്മ..... വീട്........ ചുറ്റുപാടുകൾ....... തുടങ്ങിയവയെ കുറിച്ച് നിങ്ങൾ ആലോചിച്ചിട്ടുണ്ടോ?

രണ്ട് മിഠായിയുമായി വീട്ടിൽ തിരിച്ചെത്തുന്ന അശ്വതിയുടെ കഥ ആസ്വാദ്യകരമായ ഭാഷയിൽ അനുയോജ്യമായ ശൈലികളും പ്രയോഗങ്ങളും ചേർത്ത് പൂർത്തിയാക്കുക.

**പ്രവർത്തനം 4 - അനുഭവ കുറിപ്പ്**

"പാഠപുസ്തകത്തിൽ മയിൽപീലി
വെച്ചുകൊണ്ട്
പീലിപെറ്റുകൂട്ടുമെന്ന് നീ
പറഞ്ഞു പണ്ട്
ഉപ്പു കൂട്ടി പച്ച മാങ്ങ നമ്മ-
ളെത്ര തിന്നു.
ഇപ്പളാകഥകളെ നാം
അപ്പടീ മറന്ന്"

'നിത്യം പെറുന്ന മയിൽപ്പീലി കണ്ണുകളെ' കുറിച്ച് കൊച്ചനുജൻ എന്ന കവിതയിലും പറയുന്നുണ്ട്. ഇണക്കങ്ങൾ, പിണക്കങ്ങൾ, പരിഭവങ്ങൾ തുടങ്ങി ഒട്ടേറെ അനുഭവങ്ങൾ നമ്മുടെ കുട്ടിക്കാലത്തെ സമ്പന്നമാക്കുന്നുണ്ട്. പ്രിയപ്പെട്ട കൂട്ടുകാർ, സഹോദരങ്ങൾ, മാതാപിതാക്കൾ തുടങ്ങിയവരുമായി ബന്ധപ്പെട്ട നിങ്ങളുടെ തീവ്രമായ അനുഭവങ്ങൾ ഉൾപ്പെടുത്തി കുറിപ്പു തയാറാക്കുക

**പ്രവർത്തനം 5 - വായന കുറിപ്പ്**

'അശ്വതി' എന്ന കഥ വായിച്ചല്ലോ? അതിലെ കഥാപാത്രങ്ങൾ, ചുറ്റുപാടുകൾ, കഥാസന്ദർഭം എല്ലാം നിങ്ങളുടെ മനസിലുണ്ടാകും. സ്കൂൾ സാഹിത്യവേദിയിൽ അവതരിപ്പിക്കുന്നതിന് ഈ കഥയ്ക്ക് ഒരു വായന കുറിപ്പ് തയാറാക്കുക.

മറ്റു കൂട്ടുകാരെ കഥാവായനയിലേക്ക് നയിക്കുന്ന വിധത്തിൽ ആകർഷകമായിരിക്കണം നിങ്ങളുടെ കുറിപ്പ്.

**പ്രവർത്തനം 6 - വിലയിരുത്തൽക്കുറിപ്പ്**

"ലോകനേതാക്കൻമാരുടെയും പ്രവാചകന്മാരുടെയും ചരിത്രം പരിശോധിച്ചു നോക്കുക. അവരിൽ പലരും തങ്ങൾ ജനിച്ച ലോകത്തിൽ നിന്നും ഭിന്നമായ ഒരു ലോകത്തിൽ ജീവിച്ചവരാണ്. തങ്ങളുടെ പരിസരങ്ങളെ അവഗണിച്ച് പാരമ്പര്യവും അന്ധവിശ്വാസവും ഉറപ്പിച്ച മതിൽക്കെട്ടുകളെ തട്ടിത്തകർത്തു പുതിയൊരു ലോകം കെട്ടിപ്പടുത്തവരാണവർ." കെ.പി. കേശവമേനോന്റെ ഈ വാക്യങ്ങളെ താഴെ കൊടുത്തിട്ടുള്ള മഹാന്മാരുടെ ജീവിതത്തിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തി കുറിപ്പ് തയാറാക്കുക. ഏതെങ്കിലും ഒരു മഹത് വ്യക്തിയെ കുറിച്ച് എഴുതിയാൽ മതി.

1. ശ്രീനാരായണഗുരു
2. ഗാന്ധിജി